"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് (2024-25) വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.75/2026/LSGD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക-പ്രവർത്തന മാർഗരേഖ
2. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022
3. സ.ഉ(സാധാ)നം.3157/2022/തസ്വഭവ; തീയതി 21.12.2022
4. സ.ഉ(സാധാ)നം.1078/2023/തസ്വഭവ; തീയതി 20.05.2023
5. സ.ഉ(സാധാ)നം.1625/2023/തസ്വഭവ; തീയതി 09.08.2023
6. സ.ഉ.(സാധാ)നം. 177/2025/തസ്വഭവ; തീയതി 18.01.2025
7. സ.ഉ.(സാധാ)നം. 178/2025/തസ്വഭവ; തീയതി 18.01.2025
8. സ.ഉ.(സാധാ)നം. 2146/2025/തസ്വഭവ; തീയതി 30.08.2025
9. സ.ഉ.(സാധാ)നം. 2348/2025/തസ്വഭവ; തീയതി 26.09.2025
10. സ.ഉ.(സാധാ)നം. 9796/2025/ധന; തീയതി 05.12.2025
11. എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 29.12.2025 ലെ NHM/730/2025-PRJ-P4 തീയതി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച 2021-22 ലെ വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 2, 3, 4 ഉത്തരവുകൾ പ്രകാരവും 2022-23 ലെ വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 5, 6 ഉത്തരവുകൾ പ്രകാരവും 2023-24 ലെ വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 7, 8, 9 ഉത്തരവുകൾ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

2. 2024-25 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ കേരളത്തിനുള്ള അവാർഡ് തുക 616.28 കോടി രൂപയാണ്. ആറ് സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ധനകാര്യ കമ്മീഷൻ

ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആറ് സ്കീമുകൾ ഉള്ളതിൽ ഓരോ സ്കീമിനുമുള്ള വിഹിതം ധനകാര്യ കമ്മീഷൻ തന്നെ നിശ്ചയിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ ആവശ്യ പ്രകാരം, ഒരു സംസ്ഥാനത്തിനുള്ള ആകെ വിഹിതത്തിൽ വർദ്ധനവ് വരാതെ, നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ സ്കീമുകളുടെ വിഹിതത്തിൽ മാറ്റം വരുത്തുവാൻ (re-appropriation) കേന്ദ്ര സർക്കാർ അനുവാദം നല്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന സർക്കാർ കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഓരോ സ്കീമിനുള്ള വിഹിതവും നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം ഓരോ സ്കീമിനുള്ള വിഹിതവും പട്ടിക 1 ൽ നല്കുന്നു.

**പട്ടിക 1: 2024-25 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരമുള്ള വിഹിതവും**

**(ലക്ഷം രൂപ)**

| ക്രമ നം. | സ്കീമുകൾ | നിർവ്വഹണ തദ്ദേശഭരണ സ്ഥാപനം | പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുക | നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരമുള്ള വിഹിതം |
|---|---|---|---|---|
| (എ) | **ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾ** | | | |
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം | • ഗ്രാമ പഞ്ചായത്തുകൾ (ഉപകേന്ദ്രങ്ങൾ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ)<br>• ബ്ലോക്ക് പഞ്ചായത്തുകൾ (സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ) | 55 | 32019.25 |

| | | | | |
|---|---|---|---|---|
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം | ബ്ലോക്ക് പഞ്ചായത്തുകൾ | 3372 | 270.56 |
| 3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ഗ്രാമ പഞ്ചായത്തുകൾ | 9834 | 9269.81 |
| 4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ഗ്രാമ പഞ്ചായത്തുകൾ | 11623 | 6521.90 |
| | **ആകെ (എ)** | | **24884** | **48081.52** |
| (ബി) | **നഗരഭരണ സ്ഥാപനങ്ങൾ** | | | |
| 5 | നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | നഗരഭരണ സ്ഥാപനങ്ങൾ | 1219 | 1104.01 |
| 6 | അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ | നഗരഭരണ സ്ഥാപനങ്ങൾ | 35525 | 12437.00 |
| | **ആകെ (ബി)** | | **36744** | **13541.01** |
| | | | **61628** | **61622.53** |

| | | | | |
|---|---|---|---|---|
| | ആകെ (എ + ബി) | | [illegible] | [illegible] |

3. നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ആറ് സ്കീമുകൾക്കുമുള്ള 2024-25 ലെ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും പരാമർശം 10 പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. പരാമർശം 10 പ്രകാരം അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗത്തിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

**4.1 സ്കീം 1 — ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം (32019.25 ലക്ഷം രൂപ**)

(1) 2024-25 ലെ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക 2021-22, 2022-23, 2023-24 വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർവഹണം ആരംഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പട്ടിക 2 ൽ നല്കിയിട്ടുള്ള പ്രകാരം അനുവദിക്കുന്നു. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് 55.50 ലക്ഷം രൂപ യൂണിറ്റ് നിരക്കിലും പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 143.00 ലക്ഷം രൂപ യൂണിറ്റ് നിരക്കിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് 400.00 ലക്ഷം രൂപ യൂണിറ്റ് നിരക്കിലുമാണ് ബാക്കി തുക അനുവദിക്കുന്നത്

**പട്ടിക 2: സ്കീം 1 ന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള വിഹിതം**
(2024-25)

| ക്രമ നം. | ഇനം / പ്രവർത്തനം | ആരോഗ്യ സ്ഥാപനം | തുക അനുവദിക്കുന്ന സ്ഥാപനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | **എ) ആരോഗ്യ ഉപകേന്ദ്രങ്ങൾ** | | | |
| 1 | 2021-22 ലെ ഗ്രാന്റിൽ നിന്നും പരാമർശം 2 പ്രകാരം ആദ്യഗഡു തുക അനുവദിച്ച രണ്ട് ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക [2 x 30.5] | വയനാട് ജില്ലയിലെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള തേലംപറ്റ, കല്ലൂർ ആരോഗ്യ ഉപകേന്ദ്രങ്ങൾ (നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്) | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ (ഡെപ്പോസിറ്റ് പ്രവൃത്തി) | 61.00 |
| 2 | 2022-23 ലെ ഗ്രാന്റിൽ നിന്നും പരാമർശം 5 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും ഗ്രാമ പഞ്ചായത്തുകൾ | ഈ ഉത്തരവിന്റെ അനുബന്ധം 1 പ്രകാരമുള്ള | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ | 2357.51 |

| | | | | |
|---|---|---|---|---|
| | നേരിട്ട് നിർവഹണം നടത്തുന്നതുമായ 85 ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക.[ഇതിൽ ഉൾപ്പെട്ട പുലിയൂർക്കോണം FWCക്ക് (മടവൂർ ഗ്രാമപഞ്ചായത്ത്) പരാമർശം 9 പ്രകാരം രണ്ടാം ഗഡുവായി 1.41 ലക്ഷം രൂപ അനുവദിച്ചിരുന്നതിനാൽ ബാക്കിയുള്ള 26.51 ലക്ഷം രൂപയാണ് ഇപ്പോൾ അവസാന ഗഡുവായി അനുവദിക്കുന്നത്. ബാക്കി 84 സ്ഥാപനങ്ങൾക്ക് 27.75 ലക്ഷം രൂപ വീതം അവസാന ഗഡുവായി അനുവദിക്കുന്നു]<br><br>[1 x 26.51 + 84 x 27.75] | ആരോഗ്യ ഉപകേന്ദ്രങ്ങൾ | | |
| 3 | 2022-23 ലെ ഗ്രാന്റിൽ നിന്നും പരാമർശം 5 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 119 ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക<br><br>[119 x 27.75] | ഈ ഉത്തരവിന്റെ അനുബന്ധം 2 പ്രകാരമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 3302.25 |
| 4 | 2023-24 ലെ ഗ്രാന്റിൽ നിന്നും പരാമർശം 9 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 499 ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള രണ്ടാം ഗഡു തുക<br><br>[498 ഉപകേന്ദ്രങ്ങൾക്ക് 15.72 ലക്ഷം രൂപ നിരക്കിലും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി PHC ക്ക് കീഴിലുള്ള ചാരമംഗലം FWC ക്ക് 31.44 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 499 ഉപകേന്ദ്രങ്ങൾക്കാണ് പരാമർശം 9 പ്രകാരം ആദ്യ ഗഡു അനുവദിച്ചത്. ഇതിൽ ഉൾപ്പെട്ട 497 ഉപകേന്ദ്രങ്ങൾക്ക് 29.28 ലക്ഷം രൂപ നിരക്കിലും ആലപ്പുഴ ജില്ലയിലെ ചാരമംഗലം FWC ക്ക് (ചമ്പക്കുളം PHC) 13.56 ലക്ഷം രൂപയും | ഈ ഉത്തരവിന്റെ അനുബന്ധം 3 പ്രകാരമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 14595.49 |

| | | | | |
|---|---|---|---|---|
| | തിരുവനന്തപുരം ജില്ലയിലെ കൊച്ചുകരിക്കകം (FWC Kochukarikkakom, പെരിങ്ങമ്മല FHC,) ആരോഗ്യ ഉപകേന്ദ്രത്തിന് 29.77 ലക്ഷം രൂപയുമാണ് രണ്ടാം ഗഡുവായി ഇപ്പോൾ അനുവദിക്കുന്നത്. ഈ ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള ബാക്കി തുക 2025-26 ലെ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്]<br><br>[497 x 29.28 + 1x13.56 + 1 x 29.77] | | | |
| | **ബി) കുടുംബാരോഗ്യ കേന്ദ്രങ്ങൾ** | | | |
| 5 | 2022-23 ലെ ഗ്രാന്റിൽ നിന്നും പരാമർശം 5 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 11 പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക [11 x 107.25] | ഈ ഉത്തരവിന്റെ അനുബന്ധം 4 പ്രകാരമുള്ള പ്രാഥമികാരോഗ്യ / കുടുംബാരോഗ്യ കേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 1179.75 |
| 6 | 2023-24 ലെ ഗ്രാന്റിൽ നിന്നും പരാമർശം 9 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 41 പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക [41 x 107.25] | പരാമർശം 9 ഉത്തരവിന്റെ അനുബന്ധം 4 പ്രകാരമുള്ള പ്രാഥമികാരോഗ്യ / കുടുംബാരോഗ്യ കേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 4397.25 |
| | **സി) സമൂഹികാരോഗ്യ കേന്ദ്രങ്ങൾ** | | | |
| 7 | 2022-23 ലെ ഗ്രാന്റിൽ നിന്നും പരാമർശം 5 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവഹണം നടത്തുന്നതുമായ എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിനുള്ള അവസാന ഗഡു തുക<br><br>[1 x 285.00] | സാമൂഹികാരോഗ്യ കേന്ദ്രം, എടവണ്ണ | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 285.00 |
| 8 | 2022-23 ലെ ഗ്രാന്റിൽ നിന്നും പരാമർശം 5 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 4 | ഈ ഉത്തരവിന്റെ അനുബന്ധം 5 പ്രകാരമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 1140.00 |

| | | | | |
|---|---|---|---|---|
| | സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക<br><br>[4 x 285.00] | | | |
| 9 | 2023-24 ലെ ഗ്രാന്റിൽ നിന്നും പരാമർശം 9 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 16 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക<br><br>[16 x 291.00] | പരാമർശം 9 ഉത്തരവിന്റെ അനുബന്ധം 5 പ്രകാരമുള്ള പ്രാഥമികാരോഗ്യ / കുടുംബാരോഗ്യ കേന്ദ്രങ്ങൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 4656.00 |
| | **ഡി) 2024-25 ലെ ഗ്രാന്റിൽ ബാക്കിയുള്ള തുക** | | | |
| 10 | 2024-25 ലെ ഗ്രാന്റ് ഇനത്തിൽ സ്കീം 1 ന് ലഭിച്ച തുകയിൽ നിന്നും മുകളിൽ ക്രമ നം. 1 മുതൽ 9 വരെ പ്രതിപാദിക്കുന്നത് പ്രകാരം വിഭജിച്ച് നല്കിയതിന് ശേഷം ബാക്കിയുള്ള തുകയായ 45 ലക്ഷം രൂപ, ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം CHC ക്ക് കീഴിലുള്ള കണ്ടംകാരി FWCക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആദ്യഗഡുവായി അനുവദിക്കുന്നു. [ബാക്കി തുക 2025-26 ലെ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്]<br><br>[1 x 45.00] | കണ്ടംകാരി FWC, ചമ്പക്കുളം CHC, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br><br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 45.00 |
| | **ആകെ** | X | | 32019.25 |

(2) പട്ടിക 2 പ്രകാരമുള്ള തുക ബന്ധപ്പെട്ട ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് (ഗ്രാമ പഞ്ചായത്തുകൾക്ക്/ ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ എൻ.എച്ച്.എം സ്റ്റേറ്റ് മിഷന്) തദ്ദേശസ്വയം ഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) 2024-25 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ച് നല്കേണ്ടതാണ്.

(3) ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്പോൾ അനുവദിക്കുന്ന തുക, നിലവിൽ കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത ബഹുവർഷ പ്രോജക്ടിനൊപ്പം കൂട്ടിച്ചേർത്ത് വിനിയോഗിക്കാവുന്നതാണ്.

(4) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഫർണിഷിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഏതെങ്കിലും കാരണത്താൽ കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുവദനീയമായ

മറ്റ് വിഭാഗം ഫണ്ടുകളിൽ നിന്നും കണ്ടെത്തി വിനിയോഗിക്കാവുന്നതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ പ്രത്യേകം പുതിയ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

**4.2 സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം**

1. ഈ സ്കീമിനുള്ള 2024-25 ലെ വിഹിതമായി ലഭിച്ചത് 270.56 ലക്ഷം രൂപയാണ്. ഇത് പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ ആവർത്തന ചെലവുകൾക്കുള്ളതാണ്.
2. ഈ പ്രവർത്തനങ്ങൾ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന നടപ്പാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) തുക (270.56 ലക്ഷം രൂപ) എൻ.എച്ച്.എം സ്റ്റേറ്റ് മിഷന് അനുവദിച്ച് നല്കേണ്ടതാണ്.

**4.3 സ്കീം 3 — ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

1. ഗ്രാമ പ്രദേശങ്ങളിൽ പ്രാഥമിക പരിരക്ഷ (Primary Health Care) നല്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ സ്കീമിനുള്ള 2024-25 ലെ വിഹിതം 9269.81 ലക്ഷം രൂപയാണ്. ഈ തുക ഉപയോഗിച്ച് നടപ്പാക്കുന്നതിന് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളും അവയ്ക്കുള്ള വിഹിതവും പട്ടിക 3 ൽ നല്കുന്നു.

**പട്ടിക 3: സ്കീം 3 ന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള വിഹിതം** *(2024-25)*

| ക്രമ നം. | പ്രവർത്തനങ്ങൾ | നിർവ്വഹണ സ്ഥാപനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കൺസ്യൂമബിൾസ്, റീഏജന്റുകൾ, ടെസ്റ്റ് കിറ്റുകൾ, വാങ്ങുക, രോഗനിർണ്ണയത്തിനുള്ള ആവർത്തന ചെലവുകൾ വഹിക്കുക | ഗ്രാമ പഞ്ചായത്തുകൾ (ഈ ഉത്തരവിന്റെ അനുബന്ധം 6) | 2317.45 |
| 2 | മെച്ചപ്പെട്ട രോഗ നിരീക്ഷണം (disease surveillance) സാധ്യമാക്കുന്നതിന് TrueNAT മെഷീൻ ലഭ്യമാക്കുക | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 1650.00 |
| 3 | ഹബ് & സ്പോക്ക് ലാബ് നെറ്റ്‌വർക്കുമായി ബന്ധപ്പെട്ട | എൻ.എച്ച്.എം | 500.00 |

| | | | |
|---|---|---|---|
| 4 | ആവർത്തന ചെലവുകൾ<br>ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കി ലാബ് ഡയഗ്നോസ്റ്റിക്സ് സൗകര്യം ശക്തിപ്പെടുത്തൽ. | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ | 1495.17 |
| 5 | ഇ-ഹെൽത്ത് നടപ്പിലാക്കൽ (217 സ്ഥാപനങ്ങളിൽ) | ഇ-ഹെൽത്ത് | 3307.19 |
| **ആകെ** | | X | **9269.81** |

2 . ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം (2317.45 ലക്ഷം രൂപ) 941 ഗ്രാമപഞ്ചായത്തുകൾ ക്കുമായി വിഭജിച്ച് ഈ ഉത്തരവിന്റെ അനുബന്ധം 6 ൽ നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുക പരാമർശം (7) ഉത്തരവിന്റെ ഖണ്ഡിക 4.2(3) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

3. പട്ടിക 3 ൽ സൂചിപ്പിച്ച പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്തുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ, ഇ-ഹെൽത്ത് പ്രോജക്ട് എന്നീ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) അനുവദിച്ച് നല്കേണ്ടതാണ്.

**4.4 സ്കീം 4 — ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ**

(1) ജനകീയാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2024-25 ലെ ഹെൽത്ത് ഗ്രാന്റിന്റെ ഭാഗമായി സ്കീം 4 പ്രകാരം ലഭിച്ചത് 6521.90 ലക്ഷം രൂപയാണ്. വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഏജൻസികൾക്കും ഗ്രാമപഞ്ചായത്തുകൾക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ പട്ടിക 4 ൽ നൽകുന്നു.

**പട്ടിക 4 : സ്കീം 4 ന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള വിഹിതം** *(2024-25)*

| ക്രമ നം. | പ്രവർത്തനങ്ങൾ | നിർവ്വഹണ സ്ഥാപനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|
| 1 | ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.സി.ഡി മരുന്നുകൾ ലഭ്യമാക്കൽ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 2290.10 |
| 2 | ഡയബറ്റിക് റെറ്റിനോപ്പതി, സ്വാസ് (SWASS), ആശ്വാസം (ASWASAM) തുടങ്ങിയ പ്രോഗ്രാമുകൾക്കുള്ള മരുന്നുകൾ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 300.00 |
| 3 | ജനകീയാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ | എൻ.എച്ച്.എം | 2215.75 |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളിലും ഗുണനിലവാരം (NQAS) ഉറപ്പാക്കലും ഐ.പി.എച്ച് സ്റ്റാൻഡേർഡ്സ് (Indian Public Health Standards) നടപ്പാക്കലും | സ്റ്റേറ്റ് മിഷൻ | |
| 4 | ജനകീയാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ഗ്രാമ പഞ്ചായത്തുകൾ (അനുബന്ധം 6) | 1716.05 |
| **ആകെ** | | X | **6521.90** |

(2) ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം (1716.05 ലക്ഷം രൂപ) 941 ഗ്രാമപഞ്ചായത്തുകൾക്കുമായി വിഭജിച്ച് ഈ ഉത്തരവിന്റെ അനുബന്ധം 6 ൽ നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുക പരാമർശം (7) ഉത്തരവിന്റെ ഖണ്ഡിക 4.3(4) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

(3) പട്ടിക 4 ൽ സൂചിപ്പിച്ച പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്തുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ, ഇ-ഹെൽത്ത് പ്രോജക്റ്റ് എന്നീ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) അനുവദിച്ച് നല്കേണ്ടതാണ്.

**4.5 സ്കീം 5 : നഗര പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

(1) നഗര പ്രദേശങ്ങളിൽ പ്രാഥമിക പരിരക്ഷ (Primary Health Care) നല്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ സ്കീമിനുള്ള 2024-25 ലെ വിഹിതം 1104.36 ലക്ഷം രൂപയാണ്. വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഏജൻസികൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ പട്ടിക 5 ൽ നൽകുന്നു.

**പട്ടിക 5: സ്കീം 5 ന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള വിഹിതം**
***(2024-25)***

| ക്രമ നം. | പ്രവർത്തനങ്ങൾ | നിർവ്വഹണ സ്ഥാപനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ രോഗനിർണ്ണയ ആവർത്തന ചെലവുകൾ | നഗര ഭരണ സ്ഥാപനങ്ങൾ (ഈ ഉത്തരവിന്റെ അനുബന്ധം 7) | 508.32 |
| 2 | മെച്ചപ്പെട്ട രോഗ നിരീക്ഷണം (disease surveillance) | കേരള | 132.50 |

| | | | |
|---|---|---|---|
| | സാധ്യമാക്കുന്നതിന് തിരഞ്ഞെടുത്ത നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും TrueNAT മെഷീനുകൾ ലഭ്യമാക്കുക | മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | |
| 3 | ഹബ് & സ്പോക്ക് ലാബ് നെറ്റ്‌വർക്കുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ | 287.00 |
| 4 | ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കി ലാബ് ഡയഗ്നോസ്റ്റിക്സ് സൗകര്യം ശക്തിപ്പെടുത്തൽ. | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ | 176.19 |
| **ആകെ** | | X | **1104.01** |

( 2 ) മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമുള്ള വിഹിതം (508.32 ലക്ഷം രൂപ) വിഭജിച്ച് ഈ ഉത്തരവിന്റെ അനുബന്ധം 7 ൽ നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുക പരാമർ ശം ( 8 ) ഉത്തരവിന്റെ ഖണ്ഡിക 3.3(4) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

(3) പട്ടിക 5 ൽ സൂചിപ്പിച്ച പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) അനുവദിച്ച് നല്കേണ്ടതാണ്.

### 4.6 സ്കീം 6 : അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ

(1) സ്കീം-6 നുള്ള 2024-25 ലെ വിഹിതം 12437.00 ലക്ഷം രൂപയാണ്. വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഏജൻസികൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ പട്ടിക 6 ൽ നൽകുന്നു.

**പട്ടിക 6 : സ്കീം 6 പ്രകാരം വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള വിഹിതം** *(2024-25)*

| ക്രമ നം. | പ്രവർത്തനങ്ങൾ | നിർവ്വഹണ സ്ഥാപനം | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|
| 1 | നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നുകൾ, കൺസ്യൂമബിൾസ്, എന്നിവ ലഭ്യമാക്കൽ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 6258.70 |
| 2 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച പോളിക്ലിനിക്കുകളുടെ ആവർത്തന ചെലവുകൾ | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ | 210.00 |

| | | | |
|---|---|---|---|
| 3 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ (UHWCs) ആവർത്തന ചെലവുകൾ | നഗര ഭരണ സ്ഥാപനങ്ങൾ<br>(ഈ ഉത്തരവിന്റെ അനുബന്ധം 8) | 3230.00 |
| 4 | നഗര പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഗുണനിലവാരം (NQAS) ഉറപ്പാക്കലും ഐ.പി.എച്ച് സ്റ്റാൻ ഡേർ ഡ്സ് (Indian Public Health Standards) നടപ്പാക്കലും | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ | 90.00 |
| 5 | നഗര പ്രദേശങ്ങളിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ (JAKs) വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | നഗര ഭരണ സ്ഥാപനങ്ങൾ<br>(ഈ ഉത്തരവിന്റെ അനുബന്ധം 8) | 128.00 |
| 6 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ (UHWCs) ഇ-ഹെൽത്ത് നടപ്പിലാക്കൽ | ഇ-ഹെൽത്ത് | 970.30 |
| 7 | 2023-24 ലെ ഗ്രാന്റിൽ നിന്നും പരാമർശം 9 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ 68 ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള അവസാന ഗഡു തുക<br>[പരാമർശം 9 ഉത്തരവിന്റെ അനുബന്ധം 6 പ്രകാരമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ] [68 x 22.20] | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ<br>(ഡെപ്പോസിറ്റ് പ്രവൃത്തി) | 1509.60 |

| | | | |
|---|---|---|---|
| | | | |
| 8 | 2024-25 ലെ ഗ്രാന്റ് ഇനത്തിൽ സ്കീം 6 ന് ലഭിച്ച തുകയിൽ നിന്നും മുകളിൽ ക്രമ നം. 1 മുതൽ 7 വരെ പ്രതിപാദിക്കുന്നത് പ്രകാരം വിഭജിച്ച് നല്കിയതിന് ശേഷം ബാക്കിയുള്ള തുകയായ 40.40 ലക്ഷം രൂപ, 2023-24 ലെ ഗ്രാന്റിൽ നിന്നും പരാമർശം 9 പ്രകാരം ആദ്യഗഡു തുക അനുവദിച്ചതും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയി നിർവഹണം നടത്തുന്നതുമായ കണ്ണമ്മൂല നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന് (UPHC Kannammoola, തിരുവനനന്തപുരം കോർപ്പറേഷൻ) കെട്ടിട നിർമ്മാണത്തിനുള്ള രണ്ടാം ഗഡുവായി അനുവദിക്കുന്നു. (ബാക്കി തുക 2025-26 ലെ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്) | എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ (ഡെപ്പോസിറ്റ് പ്രവൃത്തി) | 40.40 |
| **ആകെ** | | | **12437.00** |

(2) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ (UHWCs) ആവർത്തന ചെലവുകൾക്കായി പട്ടിക 6 ലെ ഇനം 3 പ്രകാരം അനുവദിച്ച തുക വിഭജിച്ച് ഈ ഉത്തരവിന്റെ അനുബന്ധം 8 ൽ നൽകിയിട്ടുണ്ട്. ഇത് പരാമർശം 8 ഉത്തരവിന്റെ ഖണ്ഡിക 3.4(3) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

(3) നഗര പ്രദേശങ്ങളിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ (JAKs) വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പട്ടിക 6 ലെ ഇനം 5 പ്രകാരം അനുവദിച്ച തുക വിഭജിച്ച് ഈ ഉത്തരവിന്റെ അനുബന്ധം 8 ൽ നൽകിയിട്ടുണ്ട്. ഇത് പരാമർശം 8 ഉത്തരവിന്റെ ഖണ്ഡിക 3.4(6) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

(4) പട്ടിക 6 പ്രകാരമുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് (മുനിസിപ്പാലിറ്റികൾ ക്ക് / കോർപ്പറേഷനുകൾക്ക്/ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്/എൻ.എച്ച്.എം സ്റ്റേറ്റ് മിഷന്/ഇ-ഹെൽത്ത് പ്രോജക്ടിന്) തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) 2024-25 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ച് നല്കേണ്ടതാണ്

(5) നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കേണ്ട വിവിധ പ്രവർത്തനങ്ങളുടെ നിർവഹണ രീതി സംബന്ധിച്ച കാര്യങ്ങൾക്ക് നഗരഭരണ സ്ഥാപനങ്ങൾ പരമാർശം6 ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**5. നിർവ്വഹണ നടപടിക്രമങ്ങൾ**

1. പ്രോജക്റ്റുകൾക്ക് രൂപം നൽകി നിർവഹണം നടത്തുന്നതിന് പരാമർശം 5 ഉത്തരവിന്റെ ഖണ്ഡിക 5 ലെ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും.
2. പ്രോജക്റ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി അവ **2026 ജനുവരി 24** നകം ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
3. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ NHM-പി.എം.എസ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ഫണ്ട് ലഭ്യമാകുന്നത്. ഇപ്രകാരം കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ വിനോയോഗ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി, ലഭിച്ച ഗ്രാന്റിന്റെ വിനിയോഗ വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും എല്ലാ മാസവും NHM ജില്ലാ പ്രോഗ്രാം മാനേജറിന്റെ ഓഫീസിൽ ലഭ്യമാക്കുന്നുവെന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
10. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ-റൂറൽ
11. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ -അർബൻ
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ
15. പ്രോജക്റ്റ് ഡയറക്ടർ, ഇ-ഹെൽത്ത് കേരള
16. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാ കളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

20. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
26. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 09-01-2026 17:22:43
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശ സ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്